പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *141 02.07.2015 ലെ മറുപടിയ്ക്ക്

**കാർഷിക രംഗത്തെ നൂതന സംരംഭങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.രാജു എബ്രഹാം<br>ഡോ.കെ.ടി.ജലീൽ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും,<br>സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) കാർഷിക രംഗത്ത് സംസ്കരണത്തിനും മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എ) കാർഷിക രംഗത്ത് സംസ്കരണത്തിനും മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കും പ്രോത്സാഹനവും ധനസഹായവും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന നൽകി വരുന്നു.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിന് വേണ്ടിയുള്ള 5 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ ചെലവ് വരുന്ന വായ്പാ ബന്ധിത സംരംഭങ്ങൾക്ക് കെട്ടിടത്തിന്റെയും യന്ത്രോപകരണങ്ങളുടെയും ചെലവിന്റെ 25% (പരമാവധി 10 ലക്ഷം രൂപ) സഹായമായി നൽകുന്നു.

കൂടാതെ കാർഷികോല്പന്നമൂല്യവർദ്ധിത സംരംഭങ്ങളെ സംബന്ധിച്ച അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾക്ക് എസ്.എഫ്.എ.സി വഴി സഹായം നൽകുന്നുണ്ട്.

(ബി) കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് മൂലം പ്രയാസം അനുഭവിക്കുന്ന കർഷകർക്ക് ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാകുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) കാർഷികോല്പന്നങ്ങളുടെ വിലയിടിവ് മൂലം പ്രയാസം അനുഭവിക്കുന്ന കർഷകർക്ക് സംസ്കരണ-മൂല്യവർദ്ധിത പ്രവർത്തനങ്ങൾ സഹായകരമാകുന്നുണ്ട്.

(സി) പൊതുമേഖലയിൽ ഇത്തരത്തിലുള്ള സംരംഭങ്ങൾ ഏതൊക്കെയാണ് ; അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; അവ എത്രത്തോളം തൃപ്തികരമാണ് ?

(സി) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ ധനസഹായത്തോടെ തിരുവനന്തപുരത്തെ കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രത്തിൽ കിഴങ്ങ് വിളകളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് പാക്ക് ചെയ്ത് വിപണനസജ്ജമാക്കുന്നതിനുള്ള ഒരു ഇൻക്യുബേഷൻ കേന്ദ്രം ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കേരഫെഡിനു കീഴിൽ കൊപ്ര സംസ്കരിച്ച് വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന രണ്ട് ഫാക്ടറികൾ കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിയിലും കോഴിക്കോട് ജില്ലയിൽ നടുവണ്ണൂരിലും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ കാർഷിക സർവ്വകലാശാല, കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാന കേന്ദ്രം എന്നിവയിലൂടെ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**സെക്ഷൻഓഫീസർ**